## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3519 14-10-2011-ൽ മറുപടിക്ക്

### ചാലക്കുടി മുനിസിപ്പാലിറ്റിയിലെ ഗാന്ധിനഗർ കോളനിവാസികൾക്ക് ഭൂവുടമസ്ഥാവകാശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| ചാലക്കുടി മുനിസിപ്പാലിറ്റിയിലെ ഗാന്ധി നഗർ കോളനിയിലെ താമസക്കാരായ എത്രപേർക്ക് രജിസ്ട്രേഷൻ നടത്തി വസ്തുവിന്റെ ഉടമസ്ഥാവകാശം നൽകിയിട്ടുണ്ട്; ഇനിയും എത്രപേർക്ക് നൽകുവാനുണ്ട്; ബാക്കിയുള്ളവരിൽ നിലവിലുള്ള കൈവശക്കാരെ തിട്ടപ്പെടുത്തി ഉടമസ്ഥാവകാശം നൽകുവാൻ നടപടി സ്വീകരിക്കുമോ? | ചാലക്കുടി മുനിസിപ്പാലിറ്റിയിലെ ഗാന്ധി നഗർ കോളനിയിലെ താമസക്കാരായ 52 കുടുംബങ്ങളിൽ 33 കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. ഇനി 19 കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകാനുണ്ട്. ഇവർ യഥാർത്ഥ ഗുണഭോക്താക്കൾ പ്രസ്തുത സ്ഥലത്ത് താമസമില്ലായെന്നും ഇപ്പോഴത്തെ ഗുണഭോക്താക്കളാണ് യഥാർത്ഥ താമസക്കാരെന്നും കാണിക്കുന്ന സാക്ഷ്യപത്രവും യഥാർത്ഥ ഗുണഭോക്താവിന്റെ സമ്മതപത്രവും ഹാജരാക്കുന്ന മുറയ്ക്ക് റവന്യൂ അധികാരികളുടെ സാക്ഷ്യപത്രത്തിന്റെയും, മുൻസിപ്പൽ കൗൺസിലിന്റെ അംഗീകാരത്തോടെയും ഉടമസ്ഥാവകാശം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ